# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 87      28-09-2016-ൽ മറുപടിയ്ക്ക്

## 'പഠനമുറി' സഹായ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം<br>" ഐ.ബി. സതീഷ്<br>" മുരളി പെരുനെല്ലി<br>" സി.കെ. ഹരീന്ദ്രൻ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 'പഠനമുറി ' സഹായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) | പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 'പഠനമുറി ' സഹായ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്നതിനായി 'പഠനമുറി ' യിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; | ബി) | വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്ത തറ ടൈൽസ് പാകിയതുമായ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തിഅലമാര (2 കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, കൈയില്ലാത്ത 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ ? | സി) | ദൃശ്യ-ശ്രവ്യ പത്രമാധ്യമങ്ങൾ വഴി പ്രചരണം നൽകി ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴി അപേക്ഷകൾ സ്വീകരിക്കും. വരുമാനം, നിലവിലുള്ള വീടിന്റെ വിസ്തൃതി, അംഗങ്ങളുടെ എണ്ണം, കുട്ടികളുടെ ക്ലാസ് എന്നിവ മാനദണ്ഡമാക്കും. |

സെക്ഷൻ ഓഫീസർ